മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

മലയാളവിഭാഗം

# പഠനഫലപ്രാപ്തി- ബിരുദം

# UG- PROGRAM OUTCOME

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനവിവരങ്ങളുടെ സ്വാംശീകരണമാണ് വിവിധ കോഴ്സുകളിലൂടെ സാധ്യമാകുന്നത്. ഭാഷാജ്ഞാനം, ഭാഷാപ്രയോഗജ്ഞാനം എന്നിവയിലുള്ള ധാരണ ഉറയ്ക്കുന്നു. ഭാഷയുടെ വൈജ്ഞാനിക-സൗന്ദര്യവ്യവഹാരങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഭാഷാവ്യവഹാരങ്ങളെക്കുറിച്ച് സൂക്ഷ്മജ്ഞാനം വാർത്തെടുക്കുന്നു. അപഗ്രഥനാത്മകവും വിവരണാത്മകവും താരതമ്യാത്മകവുമായ വിമർശനാത്മകവുമായ ചിന്തകളിലൂടെയും അന്വേഷണാത്മകമായ വായനകളിലൂടെയും പുത്തൻ ആശയങ്ങളും കാഴ്ചപ്പാടുകളും മനോഭാവങ്ങളും മൗലികമായ ചിന്തകളും രൂപപ്പെടുന്നു. സാഹിത്യവളർച്ചയുടെ ഘട്ടങ്ങൾ പരിചയപ്പെട്ടുകൊണ്ടും വിവിധ സാഹിത്യരൂപങ്ങളെപ്പറ്റി സവിശേഷമായി അറിഞ്ഞുകൊണ്ടും സാഹിത്യകൃതികൾ നിരൂപണം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നു. സാഹിത്യസിദ്ധാന്തം, സാഹിത്യവിമർശനം, സാഹിത്യചരിത്രവിജ്ഞാനീയം എന്നീ മേഖലകളിൽ ഗവേഷണാത്മകമായ താത്പര്യം ഉണ്ടാകുകയും അതുവഴി, നിലനിൽക്കുന്ന സാഹിത്യപ്രവണതകളെ നവീകരിക്കുകയും ചെയ്യുന്നു. വിവിധ വിജ്ഞാനമേഖലകളെക്കുറിച്ച് അറിയുകയും അന്തർവൈജ്ഞാനികമായ വിശകലനബുദ്ധി ഉണ്ടാകുകയും ചെയ്യുന്നു. തങ്ങളുടെ ഇത്തരം ശേഷികളെ ഗവേഷണപ്രബന്ധങ്ങൾ രചിക്കുക വഴിയും സാംസ്കാരികസദസ്സുകളിലും സംവാദങ്ങളിലും പങ്കെടുക്കുക വഴിയും വിപുലപ്പെടുത്താനും സംവേദനം ചെയ്യാനുമുള്ള സാധ്യതകൾ രൂപപ്പെടുന്നു. ഇത്തരം

ഭാഷാ-സാഹിത്യ-വൈജ്ഞാനിക-സാംസ്കാരിക ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ ഉപരിപഠനസാധ്യതകളും പഠനവിഷയ വൈപുല്യങ്ങളും കണ്ടെത്തുന്നു.

ചുരുക്കത്തിൽ ഭാഷാധിഷ്ഠിതമായി സൗന്ദര്യബോധവും ധൈഷണികതയും നേടിയെടുക്കുക എന്നതാണ് പഠനത്തിന്റെ ഫലപ്രാപ്തി. അങ്ങനെ ദേശീയതലത്തിലുള്ള സിവിൽ സർവീസ് പരീക്ഷയുൾപ്പെടെയുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കാനുള്ള ശേഷി കരസ്ഥമാക്കുന്നു.